**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പയ്യന്നൂർ മുനിസിപ്പാലിറ്റി - പയ്യന്നൂർ വില്ലേജ് - സർവ്വേ നമ്പർ 76/1 -ൽ ഉൾപ്പെട്ട സ്ഥലത്തെ അനധികൃത നിർമ്മാണം - കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം - ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.3832/2017/തസ്വഭവ തിരുവനന്തപുരം,തീയതി 28/11/2017.**

---

പരാമർശം:- 1) 14.02.2014 ലെ സ.ഉ. (എം.എസ്.) നമ്പർ 39/2014/തസ്വഭവ.

2 കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 പ്രകാരം ശ്രീ. അബൂബക്കർ സിദ്ദിക്ക്, മാനേജർ എസ്.എ.ബി.റ്റി.എം. ഹൈസ്കൂൾ, തായിനേരിൽ പി.ഒ., പയ്യന്നൂർ സമർപ്പിച്ച 31/12/2014 ലെ അപേക്ഷ.

3) ചീഫ് ടൗൺ പ്ലാനറുടെ 21/03/17, 11/07/17, 13/10/2017 എന്നീ തീയതികളിലെ ഡി1-5650/2016/കെ.ഡിസ് (R ) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നഗരസഭയിൽ പയ്യന്നൂർ വില്ലേജിൽ സർവ്വെ നമ്പർ 76/1 ൽ പ്പെട്ട സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് 3 നിലകളിലായി നടത്തിയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ശ്രീ. അബുബക്കർ സിദ്ദിക്ക് സമർപ്പിച്ച അപേക്ഷ പരാമർശം (3) ലെ 11.7.2017 ലെ കത്ത് പ്രകാരം, പ്രസ്തുത നിർമ്മാണം ക്രമവൽക്കരണ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിനാൽ നിബന്ധനകളോടെ 3,03,788/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിക്കുന്നതിന് ചീഫ് ടൗൺ പ്ലാനർ ശുപാർശ ചെയ്തിട്ടുണ്ട്.

2) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014-ലെ ചട്ടം 5(6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഇക്കാര്യം വിശദമായി പരിശോധിച്ചു. പയ്യന്നൂർ നഗരസഭയിൽ പയ്യന്നൂർ വില്ലേജിൽ സർവ്വെ നമ്പർ 76/1 ൽപ്പെട്ട 5220.68 $m^2$ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് 3 നിലകളിലായി നടത്തിയ നിർമ്മാണം ക്രമവൽക്കരണ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്ന സാഹചര്യത്തിൽ മുഖ്യനഗരാസൂത്രകന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശ കെട്ടിടം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് പയ്യന്നൂർ നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അനധികൃത നിർമ്മാണം നടത്തിയിരിക്കുന്ന ബ്ലോക്ക് 2 കെട്ടിടം ഉപയോഗിക്കുന്നവരുടെ സുരക്ഷയെ കരുതി ടി കെട്ടിടത്തിന് സമീപത്തായുള്ള ബ്ലോക്ക് 3 കെട്ടിടത്തിന്റെ 12 മീറ്റർ നീളത്തിലുള്ള കെട്ടിട ഭാഗം പൊളിച്ചു മാറ്റേണ്ടതാണ്.

2. ചട്ടപ്രകാരമുള്ള പാർക്കിംഗ് നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. അനധികൃത നിർമ്മാണം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 383 എ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
4. ബ്ലോക്ക് 3 കെട്ടിടവുമായി ചേർത്ത് നൽകിയിരിക്കുന്ന ഷീറ്റ് റൂഫ് പൊളിച്ചുമാറ്റേണ്ടതാണ്.
5. കോമ്പൗണ്ടിംഗ് ഫീസായി 3,03,788/- രൂപ (മൂന്ന് ലക്ഷത്തി മൂവായിരത്തി എഴുനൂറ്റി എൺപത്തിയെട്ട് രൂപ മാത്രം) "0217 urban – 60 -other development Scheme – 800 – Other Receipts - 91 Compounding Fee for regularisation of unauthorised Constructions violating provision of building rules" എന്ന ശീർഷകത്തിൽ അപേക്ഷകൻ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

3) മേൽ പരാമർശിച്ച തുക ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെല്ലാൻ പയ്യന്നൂർ നഗരസഭ സെക്രട്ടറി മുമ്പാകെ അപേക്ഷകൻ ഹാജരാക്കേണ്ടതും, കേരള മുൻസിപ്പാലിറ്റി കെട്ടിടം (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടി മുൻസിപ്പാലിറ്റി സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

4) ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് ഈ ഉത്തരവിന്റെ 4-ാം ഖണ്ഡികയിലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് പയ്യന്നൂർ നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സ്റ്റെല്ലാ ലിറ്റിൽ ഫ്ളവർ എം.കെ.**
**ജോയിന്റ് സെക്രട്ടറി**

ശ്രീ. അബൂബക്കർ സിദ്ദിക്ക്,
മാനേജർ എസ്.എ.ബി.റ്റി.എം. ഹൈസ്കൂൾ, തായിനേരിൽ പി.ഒ., പയ്യന്നൂർ
സെക്രട്ടറി, പയ്യന്നൂർ നഗരസഭ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ